**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 425** **08-06-2021 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായ മേഖലയിൽ ആധുനികവത്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ എം രാജഗോപാലൻ** | | **Shri. P. Rajeeve<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനായി നടപ്പിലാക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണ്; | (എ) | പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനും വേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനസംഘടന. 13 ാം പഞ്ചവത്സരപദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതി 2021-22 വർഷത്തിൽ പൂർത്തിയാകുന്നതാണ്. ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും, കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുന:സംഘടന ഇതു വഴി കൈവരിക്കാനാകും എന്നു കരുതുന്നു. |
| (ബി) | കയർ വ്യവസായ മേഖലയിൽ ആധുനികവത്കരണവും യന്ത്രവത്ക്കരണവും നടപ്പിലാക്കുമ്പോൾ പരമ്പരാഗത തൊഴിലാളികളെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; | (ബി) | പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുക എന്നതാണ് കയർ രണ്ടാം പുന:സംഘടനയുടെ സവിശേഷത. ഇതിനായി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കും. ഇവർ ഉല്പാദിപ്പിക്കുന്ന മുഴുവൻ കയറും കയർഫെഡ് വഴി സംഭരിക്കും. ഈ കയറുകൾ വിറ്റഴിക്കുന്നതിന് സർക്കാർ സബ്സിഡി നൽകും. കയർ മേഖലയിൽ ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ |

| | | | |
|---|---|---|---|
| | | | തൊഴിലാളികളുടെ അധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും തൻമൂലം വരുമാനം കൂട്ടുകയും ചെയ്യും. ഓട്ടോമാറ്റിക്ക് സ്പിന്നിംഗ് മെഷീനുകളിലേക്ക് മാറാൻ കഴിയാത്ത ഒരു തൊഴിലാളിക്കും തൊഴിൽ നഷ്ടപ്പെടുകയില്ലായെന്ന് ഉറപ്പ് വരുത്തിക്കൊണ്ടാണ് സമ്പൂർണ്ണ യന്ത്രവൽക്കരണ പരിപാടികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിച്ചുകൊണ്ട് തന്നെ കയർ രണ്ടാം പുന:സംഘടന വിജയകരമായി നടപ്പാക്കിവരുന്നു. |
| (സി) | പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര - വിദേശ വിപണനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ? | (സി) | കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ കയർ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പ് വെച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോട്ടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കോവിഡ് കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവെച്ച് സാനിമാറ്റ്, സാനിപാഡ് എന്ന പേരിൽ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർഫെഡും ഉത്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുകയുണ്ടായി. ഇവയിൽ കൈത്തറി തടുക്കുകൾ ഉപയോഗിക്കുന്നുണ്ട്. നിലവിലുള്ള പരിസ്ഥിതി മാനദണ്ഡങ്ങൾക്ക് ഇണങ്ങുന്ന രീതിയിൽ കൈത്തറി തടുക്കുകൾ വിപണനം നടത്തുന്നതിന് കയർ കോർപ്പറേഷൻ ഓർഡറുകൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ